# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1425** 13.6.2014-ൽ മറുപടിക്ക്

### കോർപ്പറേഷനുകളിലെ മാലിന്യസംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>„ വി. ശിവൻകുട്ടി<br>„ പ്രൊഫ. സി. രവീന്ദ്രനാഥ്<br>„ ഡോ. കെ. ടി. ജലീൽ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) കോർപ്പറേഷനുകളിൽ മാലിന്യ സംസ്കരണത്തിനായി അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാലിന്യ സംസ്ക്കരണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുളള ഖര മാലിന്യ സംസ്ക്കരണ (വേസ്റ്റ് ടു എനർജി) പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിൽ എത്തിനിൽക്കുന്നുവെന്നറിയിക്കുമോ ;<br><br>സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്; കാലവിളംബത്തിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ; | ബി) & സി) കൊച്ചി, തിരുവനന്തപുരം നഗരസഭകളിൽ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിന് യോഗ്യതാനിർണ്ണയ ദർഘാസ് ക്ഷണിച്ചിരുന്നു. തിരുവനന്തപുരത്തെ പൈലറ്റ് പ്രോജക്ടിനു വേണ്ടി തെരഞ്ഞെടുത്ത ഏജൻസി സമയബന്ധിതമായി പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ അവരുമായുള്ള കൺസഷൻ എഗ്രിമെന്റ് റദ്ദ് ചെയ്യുകയും, തിരുവനന്തപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തുകയും കൊച്ചി നഗരസഭയെ സഹായിക്കാൻ കിറ്റ്കോ-യെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള സാങ്കേതിക സഹായം നൽകാൻ ശുചിത്വമിഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) എല്ലാ കോർപ്പറേഷനുകളിലും ഏതു തീയതിക്കകം പ്രസ്തുത പദ്ധതി നിലവിൽ വരുമെന്ന് അറിയിക്കുമോ? | ഡി) നഗരസഭകളിൽ നിന്നും സമ്മതപത്രവും ആവശ്യമായ സ്ഥലവും ലഭിക്കുന്ന മുറയ്ക്കാണ് പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നത്. ഇതിനായി സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ